പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1513 | 02.07.2015 ലെ മറുപടിയ്ക്ക്

## സമഗ്ര കാർഷിക ഇൻഷുറൻസ് പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ജി. സുധാകരൻ<br>ശ്രീ. ഇ. പി. ജയരാജൻ<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. കെ. രാധാകൃഷ്ണൻ | | ശ്രീ. കെ. പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) 2011-12 ലെ ബജറ്റിൽ പ്രഖ്യാപിച്ച സമഗ്ര കാർഷിക ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കിയോ ;<br><br>(ബി) പ്രസ്തുത പദ്ധതിയിൽ എല്ലാ കൃഷികളെയും ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;<br><br>(സി) കർഷകർക്കുള്ള അപകട ഇൻഷുറൻസും പെൻഷൻ ആനുകൂല്യങ്ങളും ഈ പദ്ധതിയോടൊപ്പം കൂട്ടിച്ചേർത്തിട്ടുണ്ടോ ;<br><br>(ഡി) ഈ പദ്ധതിയിലൂടെ കർഷകർക്ക് ലഭ്യമായിട്ടുള്ള വിവിധ ആനുകൂല്യങ്ങൾ വിശദമാക്കാമോ ? | (എ) (ബി), (സി) & (ഡി) | നടപ്പിലാക്കിയിട്ടില്ല. 2011-12 ലെ ബജറ്റിൽ പ്രഖ്യാപിച്ച സമഗ്ര കാർഷിക ഇൻഷുറൻസ് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതിലേയ്ക്കായി ഒരു ഏജൻസിയെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത ഏജൻസി സമർപ്പിച്ച കരട് പ്രൊപ്പോസൽ പ്രകാരം ഇൻഷ്വറൻസ് കമ്പനികൾക്ക് പ്രീമിയം ഇനത്തിൽ ഭീമമായ തുക സർക്കാർ നല്കേണ്ടിവരുമെന്നും കർഷകർക്ക് നഷ്ടപരിഹാരമായി വളരെ കുറഞ്ഞ തുകയേ ലഭിക്കുകയുള്ളൂ എന്നും ആയതിന് സംസ്ഥാനത്തിന് കടുത്ത സാമ്പത്തിക ബാദ്ധ്യത വരുത്തിവയ്ക്കും എന്നും കണ്ടെത്തിയതിനെ തുടർന്ന് മറ്റ് ഇൻഷ്വറൻസ് കമ്പനികളിൽ നിന്നും പ്രൊപ്പോസൽ ലഭ്യമാക്കി പരിശോധിക്കുകയുണ്ടായി. എന്നാൽ അവയും തൃപ്തികരമല്ലെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ കേന്ദ്ര സർക്കാർ നടപ്പാക്കുന്ന പരിഷ്കരിച്ച ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത ഇൻഷ്വറൻസ് പദ്ധതി എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി സമഗ്ര കാർഷിക ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിച്ചുവരികയാണ്. |

**സെക്ഷൻ ഓഫീസർ**